## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3015** — **13.07.2015-ൽ മറുപടിക്ക്**

### ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ യോഗത്തിലെ അതിക്രമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഭരണസമിതി യോഗം നടക്കുമ്പോൾ അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതി ആരാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; | (ബി) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കുഞ്ഞിരാമനും പ്രസിഡന്റ് ശ്രീ. കുഞ്ഞമ്മദ് മാസ്റ്ററും പരാതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (സി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത സംഭവത്തിൽ ആരുടെയൊക്കെ പേരിലാണ് കേസ്സ് എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ഡി) കണ്ടാലറിയാവുന്ന കുറച്ച് ആളുകളെ പ്രതികളാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. |
| (ഇ) ഏതെല്ലാം വകുപ്പ് ചേർത്താണ് പ്രസ്തുത കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; പ്രതികൾ ഏത് സംഘടനയിൽ ഉൾപ്പെട്ടതാണ് എന്ന് വെളിപ്പെടുത്തുമോ? | (ഇ) പേരാമ്പ്ര പോലീസ് സ്റ്റേഷൻ ക്രൈം നം. 40/2015, u/s 143, 147, 448, 323 r/w 149 IPC & Sec. 3(1) of PDPP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളാരെന്ന് തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ പ്രതികളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ